## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2777**

06.02.2018-ലെ മറുപടി

## ജലഅതോറിറ്റി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.ടി.തോമസ്** | **മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം ജലഅതോറിറ്റി വെള്ളക്കരം ഇനത്തിൽ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ട് എന്ന് വിശദമാക്കമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 31.01.2018 വരെ വെള്ളക്കരം ഇനത്തിൽ 933.05 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) ജലഅതോറിറ്റി സംസ്ഥാന വൈദ്യുതി ബോർഡിന് എത്ര രൂപ കടിശ്ശിക അടയ്ക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) ജലഅതോറിറ്റി സംസ്ഥാന വൈദ്യുതി ബോർഡിന് വൈദ്യുതി ചാർജ്ജിനത്തിൽ 30.09.2017 വരെ 789.62 കോടി രൂപ കടിശ്ശിക നൽകുവാനുണ്ട്. |
| (സി) വൈദ്യുതി ബോർഡിന് അടയ്ക്കാനുണ്ടായിരുന്ന കടിശ്ശിക തുകക്ക് ഇതിന് മുമ്പ് ഇളവ് ലഭിക്കുകയോ ആനുകൂല്യങ്ങൾ ലഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; | (സി) വൈദ്യുതി ബോർഡിന് അടയ്ക്കാനുണ്ടായിരുന്ന കടിശ്ശിക തുകയ്ക്ക് ഇതിന് മുമ്പ് ഇളവുകൾ ലഭിച്ചിട്ടുണ്ട്.<br>(എ) സർക്കാർ ഉത്തരവ് G.O (MS) No. 45/08/WRD Dated 26.09.2008 പ്രകാരം 31.03.2008 വരെയുള്ള വൈദ്യുതി ചാർജ്ജ് കടിശ്ശികയായ 774 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 250 കോടി രൂപയായി നിജപ്പെടുത്തുകയും വാട്ടർ അതോറിറ്റി ഈ തുക ഒടുക്കുകയും ചെയ്തു.<br>(ബി) സർക്കാർ ഉത്തരവ് G.O (MS) No. 24/2015/PD Dated 29.06.2015 പ്രകാരം വൈദ്യുതി ബോർഡ് സർക്കാരിന് വൈദ്യുതി ഡ്യൂട്ടിയിനത്തിൽ നൽകേണ്ടിയിരുന്ന 500 കോടി രൂപ വാട്ടർ അതോറിറ്റി വൈദ്യുതി ബോർഡിന് നൽകേണ്ടിയിരുന്ന കടിശ്ശിക തുകയിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം ജലഅതോറിറ്റിയുടെ എത്ര ഓഫീസുകളിൽ വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ട്; ഈ പരിശോധനയുടെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും അതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജലഅതോറ്റിറ്റിയുടെ 6 ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം | വി.എ.സി.ബി പരിശോധന നടത്തിയ ഓഫീസ് | വി.എ.സി.ബിയുടെ ശുപാർശ | വാട്ടർ അതോറിറ്റിയിൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | വാട്ടർ വർക്സ് സൗത്ത് സബ്ഡിവിഷൻ കുര്യാത്തി, തിരുവനന്തപുരം | 1. കുര്യാത്തി റവന്യൂ സെക്ഷനിലെ എഞ്ചിനീയർ, ഓവർസീയർ (ഹെഡ് സർവേയർ) എന്നിവരുടെ നിലവിലെ ഒഴിവ് നികത്തുക.<br>2. കുര്യാത്തി വാട്ടർ വർക്സ് മെയിന്റനൻസ് ഓഫീസിലെ ക്യാഷ് ഡിക്ളറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, കംപ്ളയിന്റ് രജിസ്റ്റർ, എന്നിവ ശരിയായി എഴുതി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകുക. | 1. ഒഴിവുകൾ നികത്തിയിട്ടുണ്ട്.<br>2. എല്ലാ രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിലേക്കായി നിർദ്ദേശം നൽകുന്ന 14.01.2013-ലെ കെ.ഡബ്ല്യു.എ/ജെ.ബി/ഇ6 (എ2)/8050/12-ാം നമ്പർ സർക്കുലർ കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകി. |
| 2 | വാട്ടർ സപ്ലൈ സബ്ഡിവിഷൻ, ചവറ, കൊല്ലം | ഇലക്ട്രിക്കൽ മെയിന്റനൻസ് വർക്കുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെ ഇന്റേണൽ വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിച്ച് ഉചിതമായ നടപടി സ്വീകരിക്കുക. | അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റി യിലെ വിജിലൻസ് സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 3 | അക്വാശ്രീ, വാട്ടർ അതോറിറ്റി എറണാകുളം | വാട്ടർ അതോറിറ്റിയുടെ എല്ലാ ലാബുകളിലും ബാക്ടീരിയോളജിസ്റ്റുകളുടെ സ്ഥിരം നിയമനം നടത്തുക. | ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| 4 | വാട്ടർ സപ്ലൈ സബ് ഡിവിഷൻ, കളമശ്ശേരി, എറണാകുളം | വിവിധ വിഭാഗങ്ങളിലായി പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികതുകയുടെ യഥാർത്ഥ വിവരം കണ്ടെത്തുന്നതിനായി ഓഡിറ്റ് വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് ആവശ്യമായ നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുക. | വാട്ടർ അതോറിറ്റിയുടെ ഓഡിറ്റ് വിഭാഗത്തെക്കൊണ്ട് അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ചീഫ് എഞ്ചിനീയർക്കും, സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. |
| 5 | പി.എച്ച്.ഡിവിഷൻ കോഴിക്കോട് | ടി ഓഫീസിലെ ജീവനക്കാർ യഥാസമയം ഓഫീസിൽ ഹാജരായിട്ടില്ല. ഹാജർപുസ്തകത്തിൽ ഒപ്പിട്ടിട്ടില്ല. | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു മേൽ അച്ചടക്കനടപടിയെടുത്ത് തീർപ്പാക്കിയിട്ടുണ്ട്. |
| 6 | പി.എച്ച്.സബ്ഡിവിഷൻ, കാഞ്ഞങ്ങാട്, പി.എച്ച്.സബ്ഡിവിഷൻ, കാസറഗോഡ് | ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ കാറ്റാംകവല ഹരിജൻ കോളനിയിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നിട്ടുണ്ട്. | ആരോപിതരായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ